പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1872 — 07.03.2018 ൽ മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിൽ മാവേലി സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) മാവേലി സൂപ്പർമാർക്കറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽ പുതുതായി മാവേലി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും മാവേലി സൂപ്പർ മാർക്കറ്റുകൾ എന്ന പേരിൽ പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് തീരുമാനമില്ല. എന്നാൽ പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിക്കുന്നമുറയ്ക്ക് സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു. പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചു വരുന്നു. |
| (സി) ഇത്തരം സൂപ്പർമാർക്കറ്റ് മാവേലിക്കര മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) നിവേദനം ലഭിക്കുന്നമുറയ്ക്ക് സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ